VII റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയേഴും മുപ്പത്തിയെട്ടും റിപ്പോർട്ടുകൾ

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മുപ്പത്തിയേഴും മുപ്പത്തിയെട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ്: സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VIII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിൻമേലുള്ള ചർച്ച (തുടർച്ച)

ശ്രീ. പി. എസ്. സുപാൽ: ഞാൻ ഈ നന്ദി പ്രമേയത്തെ അതിശക്തമായ നിലയിൽ എതിർക്കുന്നു. കേരളം കണ്ട ഏറ്റവും മോശപ്പെട്ട ഭരണമാണ് കേരളത്തിലെ ഇപ്പോഴത്തെ ഐക്യജനാധിപത്യ മുന്നണിയുടെ ഭരണം. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ച് നയപ്രഖ്യാപനങ്ങളിലും കേരളത്തിലെ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ കഴിയാത്ത ഗവൺമെന്റാണ് പുതിയ വിശ്വസ്തകളുമായി ജനങ്ങൾക്കുമുമ്പാകെ വന്നിരിക്കുന്നത്. പറഞ്ഞകാര്യങ്ങളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല. ഇപ്പോൾ കുറെ വാഗ്ദാനങ്ങൾ വാരിക്കോരികൊടുക്കുകയാണ്. കുഞ്ഞുങ്ങൾക്ക്, പാൽ, പഴം, പച്ചക്കറി, അരി, തേങ്ങ, മാങ്ങ..... ഒരു കാര്യം കൂടിയേ എനിക്കു പറയാനുള്ളൂ. ഈ സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഓരോ ഐസ്ക്രീം കൂടി ഗവൺമെന്റ് വാങ്ങിച്ച് കൊടുത്താൽ നന്നായിരുന്നു. അതിനുപറ്റിയ സമയമാണ്. എല്ലാം തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടാണ്. പൊതുകടം വർദ്ധിച്ചു. 53,000 കോടി രൂപയുടെ പൊതുകടം കേരളത്തിനുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പലപ്പോഴും പൊതുകടം ഇല്ല; കേരളത്തിന് സാമ്പത്തിക പ്രതിസന്ധി ഇല്ല എന്ന് പറയുന്നുണ്ട്. ഇത് ആർ. ബി. ഐ.-യുടെ റിപ്പോർട്ടാണ്. (റിപ്പോർട്ട് സഭയെ കാണിക്കുന്നു.) ഇതിൽ പറയുന്നത്; സാമ്പത്തിക മേഖലയിൽ ഇന്ത്യയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly